12065
18/9/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- സംയോജിത ശിശു വികസന സേവന പദ്ധതി- മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണം - തിരുത്തൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം. 569/2015/സാനീവ** **തീയതി, തിരുവനന്തപുരം 14.09.2015**

---

പരാമർശം: - (1) 07.02.2013 ലെ സ.ഉ (സാധാ) നം 39/2013/സാനീവ നമ്പർ സർക്കാർ ഉത്തരവ്.

(2) സാമൂഹ്യനീതി ഡയറക്ടറുടെ 21/07/2015 ലെ ഐ.സി.ഡി.എസ്/എ 7- 8781/14 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം നിയോജക മണ്ഡലത്തിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ 75-ാം നമ്പർ അങ്കണവാടിയെ പരാമർശം (1) പ്രകാരം മാതൃക അങ്കണവാടിയായി ഉയർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ടി അങ്കണവാടിയ്ക്ക് ഭൂമി സംബന്ധമായ തർക്കം നിലനിൽക്കുന്നതിനാൽ ഇതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നും ആയതിനാൽ ടി അങ്കണവാടിയ്ക്ക് പകരം കൊച്ചി നഗരസഭ ഡിവിഷൻ- 66ൽ പെട്ട 92-ാം നമ്പർ അങ്കണവാടി മാതൃക അങ്കണവാടിയാക്കി നിർമ്മാണം നടത്തുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം നിയോജക മണ്ഡലത്തിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ 75-ാം നമ്പർ അങ്കണവാടിയെ പരാമർശം (1) പ്രകാരം അനുമതി നൽകിയിട്ടുള്ള മാതൃക അങ്കണവാടി നിർമ്മാണത്തിനുള്ള ലിസ്റ്റിൽ നിന്നും ഒഴിവാക്കി, പകരം കൊച്ചി അർബൻ - 2 ICDS ൽ പെട്ട കൊച്ചി നഗരസഭ ഡിവിഷൻ 66-ലെ 92-ാം നമ്പർ അങ്കണവാടിയെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) പരാമർശത്തിലെ സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.എം. ലീലാമണി**
**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ